**Circular No. 148**
**Vocation Day 2014**

Catholic Metropolitanís House
P.B. No. 71, Kottayam -686 001
Kerala, India

Date:

പ്രിയ ബഹു. അച്ചാ, പ്രിയപ്പെട്ട ദൈവജനമേ,

2014 മാർച്ച് മാസം 30-ാം തീയതി ഞായറാഴ്ച നമ്മുടെ അതിരൂപത ദൈവവിളി ദിനമായി ആചരിക്കുകയാണ്. “ദൈവവിളി സത്യത്തിനു സാക്ഷ്യം വഹിക്കാൻ” ഇതാണ് ഈ വർഷത്തെ ദൈവവിളി ഞായറിന്റെ മുദ്രാവാക്യമായി പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പ നമുക്ക് നൽകിയിരിക്കുന്നത്. നമുക്കോരോരുത്തർക്കും ലഭിച്ചിട്ടുള്ള ദൈവവിളിയെപ്പറ്റി ചിന്തിക്കുവാനും ആ വിളിക്കനുസൃതമായ ജീവിതമാണോ നാം നയിക്കുന്നത് എന്നു പരിശോധിക്കുവാനും എല്ലാവരും തങ്ങളുടെ ദൈവവിളിയിൽ വളരുന്നതിനാവശ്യമായ പ്രചോദനവും പ്രോത്സാഹനവും നൽകാനും ഈ ദൈവവിളി ദിനാചരണം നമ്മെ സഹായിക്കട്ടെ.

മാമ്മോദീസ സ്വീകരിച്ച എല്ലാവരും വിശുദ്ധിയിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നു. വ്യാപകമായ അർത്ഥത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയാണ് ദൈവവിളി. മറ്റെല്ലാ പ്രത്യേക വിളികളും സന്ധിക്കുന്ന പ്രത്യേക പാതയാണിത്.

വിശുദ്ധിയിലേക്കുള്ള ഈ വിളിയിൽ ഓരോരുത്തർക്കും പ്രത്യേകമായ വഴികൾ ദൈവം സജ്ജമാക്കുന്നു. അതിനനുയോജ്യമായ ജീവിതാവസ്ഥയിലേയ്ക്ക് ദൈവം ഓരോരുത്തരേയും വിളിക്കുന്നു. നാലു പ്രധാന ജീവിതാവസ്ഥകളാണ് സഭയിൽ നാം ദർശിക്കുക. ഒന്ന് - വിവാഹജീവിതം, രണ്ട് - പൗരോഹിത്യം, മൂന്ന് - സമർപ്പിത ജീവിതം, നാല് - ഏകസ്ത അൽമായ ജീവിതം. ഇവയിൽ ഏതെങ്കിലും ഒന്നിലൂടെ നാം വിശുദ്ധി പ്രാപിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നാം ചെയ്യുന്ന ജോലികൾ ഏതായിരുന്നാലും ഈ നാല് അവസ്ഥകളിലൂടെ വിശുദ്ധി പ്രാപിക്കുവാൻ ദൈവം നമ്മെ ക്ഷണിക്കുന്നു.

ദൈവവിളി തിരിച്ചറിയുക എന്നാൽ ഞാൻ എന്തായിത്തീരണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത് എന്നത് കണ്ടെത്തുകയാണ്. ഞാൻ സ്നേഹത്തിലും വിശുദ്ധിയിലും വളരണം എന്നു ദൈവം ആഗ്രഹിക്കുന്നു, എനിക്കുവേണ്ടി മാത്രമല്ല, ഞാൻ ആർക്കായി അയക്കപ്പെട്ടിരിക്കുന്നുവോ അവർക്കുവേണ്ടികൂടിയാണ്. കൂദാശകൾ, പ്രാർത്ഥന പ്രത്യേകിച്ച് ദൈവം എന്നോടു സംസാരിക്കുന്ന നിശ്ശബ്ദ പ്രാർത്ഥന, വിശുദ്ധ ജീവിതം മനസ്സിലാക്കൽ, ഒരു നല്ല ആദ്ധ്യാത്മിക ഉപദേഷ്ടാവിന്റെ സഹായം എന്നിവയൊക്കെ എന്റെ ജീവിതാന്തസ് തിരഞ്ഞെടുക്കുന്നതിന് എന്നെ സഹായിക്കുന്ന ഘടകങ്ങളാണ്.

തങ്ങളുടെ മക്കൾ ശരിയായ ജീവിതാന്തസ് തിരഞ്ഞെടുക്കുന്ന കാര്യത്തിൽ മാതാപിതാക്കൾക്കുള്ള പങ്ക് ഏറ്റവും വലുതാണ്. കാരണം കുഞ്ഞുങ്ങളെ അടുത്തറിയാനും അവരുടെ കഴിവുകളും വാസനകളും നന്നായി തിരിച്ചറിയാനും ഏറ്റവും കൂടുതൽ സാധിക്കുക മാതാപിതാക്കൾക്കാണ്. അതിനനുസൃതം ദൈവം ആഗ്രഹിക്കുന്ന ജീവിതാവസ്ഥയിലേയ്ക്ക് അവരെ കൈപിടിച്ചാനയിക്കാൻ മാതാപിതാക്കൾ പരിശ്രമിക്കണം. ലോകത്തിന്റെ പ്രലോഭനങ്ങളിൽ പെട്ട് തങ്ങളുടെ മക്കളെ തെറ്റായ വഴിയിലേയ്ക്ക് നയിക്കാതിരിക്കണമെങ്കിൽ മാതാപിതാക്കൾ തീക്ഷ്ണമായി പ്രാർത്ഥിക്കുകയും ദൈവഹിതം തിരിച്ചറിയാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യണം. പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൽ മാതാപിതാക്കളും മക്കളും തമ്മിൽ നടത്തുന്ന ആശയവിനിമയം വഴി തങ്ങളുടെ മക്കൾക്ക് ദൈവം ഒരുക്കുന്ന വഴിയിലേയ്ക്ക് അവരെ നയിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം.

പൗരോഹിത്യത്തിലേക്കോ സമർപ്പിത ജീവിതത്തിലേക്കോ തങ്ങളെ ദൈവം വിളിക്കുന്നു എന്നു ചിന്തിക്കുന്ന കുഞ്ഞുങ്ങൾക്ക് അനുയോജ്യമായ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്നതിന് അവരെ സഹാ

യിക്കുന്നതിനുവേണ്ടി നാം നടത്തുന്ന ദൈവവിളി ക്യാമ്പിലേയ്ക്ക് അത്തരം കുഞ്ഞുങ്ങളെ പറഞ്ഞയക്കാൻ മാതാപിതാക്കളും മറ്റുള്ളവരും ശ്രദ്ധിക്കണം. അതിലൂടെ തങ്ങൾക്ക് ദൈവം ഒരുക്കുന്ന വിളിയും വഴിയും കൂടുതൽ കൃത്യതയോടെ തിരിച്ചറിയാനും ആ വഴിയിലൂടെ വിശുദ്ധി പ്രാപിക്കാനും അനേകരെ വിശുദ്ധീകരിക്കുവാനും അവർക്ക് അവസരം ലഭിക്കുന്നു.

ആൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പ് ഏപ്രിൽ 7 മുതൽ 9 വരെ ചൈതന്യ പാസ്റ്ററൽ സെന്ററിൽവച്ചും ഏപ്രിൽ 10 മുതൽ 12 വരെ കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ചും നടത്തപ്പെടുന്നതാണ്. പെൺകുട്ടികൾക്കുള്ള ക്യാമ്പ് ഏപ്രിൽ 7 മുതൽ 9 വരെ കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽവച്ചും 10 മുതൽ 12 വരെ ചേർപ്പുങ്കൽ സമരിറ്റൻ പാസ്റ്ററൽ സെന്ററിൽ വച്ചും നടത്തപ്പെടുന്നതാണ്. പൗരോഹിത്യ, സമർപ്പിത ജീവിതത്തിലേക്കു പോകാനാഗ്രഹിക്കുന്ന 10-ാം ക്ലാസ്സോ അതിലുപരിയോ വിദ്യാഭ്യാസയോഗ്യതയുള്ള കുട്ടികൾ ഈ ക്ലാസുകളിലൊന്നിൽ നിർബന്ധമായും പങ്കെടുത്തിരിക്കേണ്ടതാണ്.

"തന്റെ വയലിലേയ്ക്ക് ജോലിക്കാരെ അയക്കുവാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" (മത്താ 9: 88) എന്ന ഈശോയുടെ ആഹ്വാനം സമർപ്പിത ദൈവവിളികളെ പ്രോത്സാഹിപ്പിക്കുവാൻ നമുക്കോരോരുത്തർക്കുമുള്ള ചുമതല നമ്മെ അനുസ്മരിപ്പിക്കുന്നു. മാതൃകയാലും പ്രാർത്ഥനയാലും സഹായ സഹകരണങ്ങളാലും ദൈവവിളിയെ പ്രോത്സാഹിപ്പിക്കാൻ എല്ലാവരേയും ഞാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. നമ്മുടെ വൈദികവിദ്യാർത്ഥികളുടെ പഠനത്തിന് ആവശ്യമായ സാമ്പത്തിക സൗകര്യങ്ങൾ ലഭ്യമാക്കുവാനായി നാം ആരംഭിച്ച വൈദികവിദ്യാർത്ഥി പരിശീലന ഫണ്ടിൽ സഹകാരികളായ ഏവരേയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഇനിയും കൂടുതൽ കുടുംബങ്ങളും ഇടവകകളും ഈ പദ്ധതിയിൽ സഹകാരികളായി പങ്കുചേർന്നുകൊണ്ട് നമ്മുടെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനാവശ്യമായ സാമ്പത്തിക സൗകര്യങ്ങൾ ഉറപ്പാക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ദൈവവിളി പ്രോത്സാഹനത്തിനായി അക്ഷീണം പരിശ്രമിക്കുന്ന നമ്മുടെ അതിരൂപതയിലെ ദൈവവിളി കമ്മീഷനേയും അവരോടു ചേർന്നു പ്രവർത്തിക്കുന്ന എല്ലാവരേയും ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു. ദൈവവിളി പ്രോത്സാഹനത്തിനായി പലവിധത്തിൽ താൽപര്യപൂർവ്വം പ്രവർത്തിക്കുന്ന എല്ലാ വൈദികരേയും സമർപ്പിതരേയും അൽമായ സഹോദരങ്ങളേയും ദൈവം സമൃദ്ധിയായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹപൂർവ്വം

**✠ മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B.

1. ഈ സർക്കുലർ 2014 മാർച്ച് 30-ാം തീയതി ഞായറാഴ്ച നമ്മുടെ ദേവാലയങ്ങളിൽ വി. കുർബ്ബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാകുന്നു.
2. ദൈവവിളി ക്യാമ്പുകൾ ആദ്യദിനം വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് മൂന്നാം ദിനം ഉച്ചകഴിഞ്ഞ് 1 മണിക്ക് അവസാനിക്കും. ക്യാമ്പ് ഫീസ് 300 രൂപയാണ്. പങ്കെടുക്കുന്നവർ ബഹു. വികാരിയച്ചന്റെ കത്ത് കൊണ്ടുവരണം.